**ഉദ്യോഗസ്ഥരുടെ അനാസ്ഥയും ആദിവാസികളുടെ അജ്ഞതയും അനന്ത സാധ്യതകളുള്ള വനാവകാശ നിയമം നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നതായി**

**ഡോ. എസ്. ശങ്കർ**

# വനാവകാശം ജാഗ്രത ആവശ്യപ്പെടുന്നു

**വനാവകാശം** വനം കാക്കുമോ

**വനാവകാശ** നിയമത്തെക്കുറിച്ച് കേരളത്തിലെ ആദിവാസികൾക്ക് വ്യക്തമായ ധാരണയില്ല എന്നതാണ് നിയമം നടപ്പിലാകാത്തതിന് പ്രധാനകാരണം. കേരളത്തിലെ പ്രാക്തന ആദിവാസി ഗോത്രങ്ങളായ കൊറഗ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കുറുമ്പർ, കാടർ എന്നീ അഞ്ച് ഗോത്രങ്ങൾ വനാവകാശ നിയമത്തെ എങ്ങനെ കാണുന്നു, അവർക്കിടയിൽ നിയമം എങ്ങനെ നടപ്പാക്കണം എന്നതിനെക്കുറിച്ച് ഞങ്ങൾ ഒരു പഠനം നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി നടത്തിയ സംഭാഷണങ്ങളിൽ വനാവകാശ നിയമത്തെക്കുറിച്ച് ഈ ഗോത്രങ്ങൾക്ക് ഒന്നും അറിയില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. 2006 ൽ നിലവിൽ വന്ന നിയമം 2009 ൽ നടപ്പിലാക്കാൻ അന്നത്തെ വനം മന്ത്രി ബിനോയ് വിശ്വം ശ്രമിച്ചിട്ടും ഇന്നും കാര്യങ്ങൾ  മുന്നോട്ട് പോകാത്തതിന് കാരണം ആദിവാസികളുടെ അജ്ഞതയാണ്. വനാവകാശ കമ്മിറ്റികൾ മിക്കയിടങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടില്ല. ഊരുക്കൂട്ടങ്ങളോ ഊരുസഭകളോ ഒന്നും ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യുന്നില്ല. വനാവകാശം എന്താണെന്ന് ഊരുമൂപ്പന്മാർക്ക് പലർക്കും അറിയില്ല, അതുകൊണ്ട് ചർച്ചയുമില്ല.

ഉദ്യോഗസ്ഥരുടെ അനാസ്ഥയും നിയമം നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. നാല് വകുപ്പുകൾ ചേർന്നാണ് വനാവകാശ നിയമം നടപ്പിലാക്കേണ്ടത്. വനം വകുപ്പ്, ആദിവാസി ക്ഷേമ വകുപ്പ്, റവന്യൂവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ ഈ നാല് വകുപ്പുകൾക്കും തുല്യമായ പങ്കാളിത്തമാണ് വനാവകാശ നിയമം നടപ്പിലാക്കുന്നതിലുള്ളത്. നാലുകൂട്ടരും അനാസ്ഥ തുടരുകയാണ്.

ആദിവാസികൾ താമസിക്കുന്നതും കൃഷി ചെയ്യുന്നതുമായ നാല് ഹെക്ടർ വനം വരെയാണ് വനാവകാശ നിയമപ്രകാരം അവർക്ക് കിട്ടുന്നത്. എന്നാൽ കേരളത്തിലെ ആദിവാസികൾ ഇത്രയധികം സ്ഥലം ഉപയോഗിക്കുന്നില്ല. കയ്യേറ്റക്കാരുടെ കൈവശമുണ്ടാകാനിടയുണ്ട്. എന്നാൽ അത് തടയാനും നിയമത്തിൽ വകുപ്പുണ്ട്. 75 വർഷമായി ആ ഭൂമി ഉപയോഗിക്കുന്ന പരമ്പരാഗത വനവാസിക്ക് മാ




**വാഴച്ചാലിലെ കാടർ വിഭാഗക്കാർ കാട് വിട്ടുപോകില്ല. അവർക്ക് കാട്ടിനുള്ളിൽ സുഖമായി കഴിയാനുള്ള വനസമ്പത്തുണ്ട്. തേനെടുക്കാം, മീൻപിടിക്കാം. അതുപോലെ ശിരുവാണി ഡാമിനടുത്തുള്ള മുത്തിക്കുളത്തെ മുതുവാന്മാർ. അവരും കാട്ടിൽ നിന്നും പുറത്ത് പോകാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ വയനാട്ടിലെ സ്ഥിതി അതല്ല. വനത്തിനുള്ളിലെ 110 സെറ്റിൽമെന്റിൽ രണ്ട് വർഷം മുമ്പ് ഞങ്ങൾ സർവ്വെ നടത്തിയിരുന്നു. 50 ശതമാനം ആളുകൾ പുറത്ത് വരാൻ തയ്യാറാണെന്ന് ആ സർവ്വെയിൽ കണ്ടെത്തി. അതിൽ 14 ആദിവാസി ഊരുകാർ പൂർണ്ണമായും വരാൻ തയ്യാറാണ്. വന്യജീവികളുടെ ആക്രമണം അത്രയ്ക്ക് രൂക്ഷമാണ്.**

ത്രമെ അവകാശം ലഭിക്കുകയുള്ളൂ. കേരളത്തിലെ വനം കയ്യേറ്റക്കാർക്ക് അത്രയും വർഷത്തെ പാരമ്പര്യമില്ലാത്തതിനാൽ അവർ വനഭൂമി തട്ടിയെടുക്കുമെന്ന് പേടിക്കേണ്ടതില്ല. വനസംരക്ഷണത്തിന്റെ കാര്യത്തിൽ കേരളം കുറച്ച് ജാഗ്രത പുലർത്തുന്നതിനാൽ നിയമം അട്ടിമറിക്കപ്പെടാനുള്ള സാധ്യത ഇവിടെ കുറവാണ്. നിയമം നടപ്പിലാക്കാനുള്ള സാധ്യതയാണ് പ്രശ്നം. കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിലെല്ലാം കോൺട്രാക്ടർ ലോബികളാണ് കാട് ഭരിക്കുന്നത്. കാശുള്ള കോൺട്രാക്ടർമാരും വനംവകുപ്പും ചേർന്ന് കൊള്ളനടത്തുന്നു. വനവാകാശ നിയമം അത്തരം കൊള്ള തടയാനുള്ള ഒരു മാർഗ്ഗമായി മാറും. വനത്തിന്റെ മേലുള്ള നിയമപരമായ അധികാരം ആദിവാസികളുടേതാകുന്നതോടെ അത്തരം കയ്യേറ്റങ്ങൾ അവസാനിക്കും. ജാർഖണ്ഡ്, ഛത്തീസ്ഗഢ്, ഒറീസ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം ജനസംഖ്യയുടെ 50 ശതമാനം ആദിവാസികളാണ്. അവിടെ വനാവകാശ നിയമം നടപ്പിലാക്കുന്നതിന് അതുകൊണ്ട് തന്നെ വലിയ പ്രധാന്യമുണ്ട്. കേരളത്തിലെ ആദിവാസികൾ ആകെ ജനസംഖ്യയുടെ ഒരു ശതമാനം മാത്രമാണുള്ളത്. ബാക്കിയുള്ളവരെയെല്ലാം നമ്മൾ കൊള്ളയടിച്ച് കൊന്നൊടുക്കി. ഈ ഒരു ശതമാനം ആളുകളെപ്പോലും നന്നായി പരിഗണിക്കാൻ നമുക്ക് കഴിയുന്നില്ല. 100 രൂപയുടെ ക്ഷേമ പ്രവർത്തനം ആദിവാസിക്ക് വേണ്ടി ചെയ്താൽ 50 രൂപയുടെ ഗുണം മാത്രമെ അവർക്ക് കിട്ടുകയുള്ളൂ. ഈ സ്ഥിതി തുടരുകയാണ്. അതിനൊരുമാറ്റമുണ്ടാക്കാൻ വനാവകാശ നിയമം നടപ്പിലാക്കുന്നതിലൂടെ കഴിയണം.

ടൈഗർ റിസർവിനുള്ളിലെ ആളുകളോട് സ്വമേധയാ ഒഴിഞ്ഞു പോകാനാണ് വനംവകുപ്പ് ആവശ്യപ്പെടുന്നത്. വനത്തിനുമുകളിലുള്ള അവരുടെ അവകാശം സ്ഥാപിക്കപ്പെട്ട ശേഷം മാത്രമെ അവരുടെ ഭൂമി ഏറ്റെടുക്കുകയുള്ളൂ. ആ രീതിയിൽ ഭൂമി വിട്ടുകൊടുക്കുന്ന കുടുംബത്തിന് 10 ലക്ഷം രൂപ ലഭിക്കും. 2 ലക്ഷം രൂപ ഭൂമി വിട്ടു നൽകുന്നതിനും 2 ലക്ഷം പകരം വീട് വയ്ക്കുന്നതിനും 2 ലക്ഷം ബാങ്കിലിട്ട് പലിശ കിട്ടാനും എന്നിങ്ങനെ പല ഇനങ്ങളായി തിരിച്ചിട്ടാണ് 10 ലക്ഷം രൂപ കണക്കാക്കിയിരിക്കുന്നത്. ഈ കരാർ പ്രകാരം ഭൂമി വിട്ടുനൽകാൻ സംരക്ഷിത വനപ്രദേശങ്ങൾക്കുള്ളിൽ കഴിയുന്ന ആദിവാസികൾക്ക് സമ്മതമാണ്. കാരണം ജീവിക്കാൻ അത്രയേറെ പ്രയാസമുള്ള സ്ഥലങ്ങളിലാണ് അവർ കഴിയുന്നത്. അവർക്ക് നാട്ടിൽ വന്ന് സ്വസ്ഥമായി കഴിയണമെന്നാണ് ആവശ്യം. പല ഗോത്രങ്ങളും പല രീതിയിലാണ് ഇക്കാര്യത്തിൽ പ്രതികരിക്കുന്നത്.

വാഴച്ചാലിലെ കാടർ വിഭാഗക്കാർ കാട് വിട്ടുപോകില്ല. അവർക്ക് കാട്ടിനുള്ളിൽ സുഖമായി കഴിയാനുള്ള വനസമ്പത്തുണ്ട്. തേനെടുക്കാം, മീൻപിടിക്കാം. അതുപോലെ ശിരുവാണി ഡാമിനടുത്തുള്ള മുത്തിക്കുളത്തെ മുതുവാന്മാർ. അവരും കാട്ടിൽ നിന്നും പുറത്ത് പോകാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ വയനാട്ടിലെ സ്ഥിതി അതല്ല. വനത്തിനുള്ളിലെ 110 സെറ്റിൽമെന്റിൽ രണ്ട് വർഷം മുമ്പ് ഞങ്ങൾ സർവ്വെ നടത്തിയിരുന്നു. 50 ശതമാനം ആളുകൾ പുറത്ത് വരാൻ തയ്യാറാണെന്ന് ആ സർവ്വെയിൽ കണ്ടെത്തി. അതിൽ 14 ആദിവാസി ഊരുകാർ പൂർണ്ണമായും വരാൻ തയ്യാറാണ്. വന്യജീവികളുടെ ആക്രമണം അത്രയ്ക്ക് രൂക്ഷമാണ്. കൃഷിയെല്ലാം വ്യാപകമായി നശിപ്പിക്കപ്പെടുന്നു. പരമ്പരാഗത വനവിഭവങ്ങളൊന്നും അവർക്ക് കിട്ടാനില്ല. എന്നാൽ നിലമ്പൂരിലെ ചോലനായ്ക്കരുടെയും കാട്ടുനായ്ക്കരുടെയും അവസ്ഥ അതല്ല. അവർ പലരും ഗുഹകളിലാണ് കഴിയുന്നത്. കാട്ടിൽ നല്ല വനസമ്പത്തുണ്ട്. ആ ജീവിതരീതി ഉപേക്ഷിച്ച് നാട്ടിൽ വന്ന് കഴിയാൻ അവർക്ക് കഴിയില്ല. കാട്ടിൽ



ഫോട്ടോ: എൻ.എ. നസീർ

നിന്നും പുറത്ത് കൊണ്ടുവന്നാലും തിരിച്ച് ഗുഹയിലേക്ക് തന്നെ പോകുമെന്ന് ചോലനായ്ക്കർ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്.

വനാവകാശത്തിൽ രണ്ട് തരം അവകാശങ്ങളെക്കുറിച്ചാണ് പറയുന്നത്. 1. വ്യക്തിപരമായ അവകാശവും 2. സാമൂഹിക അവകാശവും. സമൂഹമായി ആദിവാസികൾ കഴിയുന്ന ആവാസവ്യവസ്ഥ നഷ്ടമാകാതിരിക്കാനാണ് സാമൂഹിക അവകാശം കൂടി വനാവകാശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആവാസവ്യവസ്ഥ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ വനവിഭവങ്ങൾ നഷ്ടമാവുകയും അവർക്ക് അവിടെ ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാവുകയും ചെയ്യുന്നു. സാമൂഹികമായി ജീവിക്കുന്ന പരമ്പരാഗത ആവാസവ്യവസ്ഥയുടെ സംരക്ഷണം സാമൂഹിക വനാവകാശം ഉറപ്പ് നൽകുന്നു. പുറത്ത് നിന്നുള്ള ഇടപെടലുകളിൽ നിന്നും വനം സംരക്ഷിക്കാനുള്ള ഒരു മാർഗ്ഗം കൂടിയാണ് സാമൂഹിക വനാവകാശം. വാഴച്ചാലിൽ അതാണ് ഞങ്ങൾ ഇപ്പോൾ ചെയ്യുന്നത്. കാടർ വിഭാഗം വനവിഭവങ്ങൾ ശേഖരിക്കാനും മറ്റുമായി സമൂഹമായി ഉപയോഗിച്ചിരുന്ന വനം കണ്ടെത്തി അവരുടെ സാമൂഹിക വനാവകാശം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. അതിരപ്പിള്ളി ഡാം വരുന്നതിനെ തടയാനുള്ള ഒരു വഴികൂടിയാണത്. ഡാമിന്റെ ഭാഗമായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളെല്ലാം കാടർ സമൂഹമായി ഉപയോഗിച്ചിരുന്ന വനഭൂമിയാണ്. അത് വികസനപ്രവർത്തനങ്ങൾക്കായി കൈമാറാൻ പാടില്ല എന്ന് വനാവകാശം നിയമം പറയുന്നതിനാൽ അതിരപ്പിള്ളി ഡാമിന്റെ സാധ്യത വീണ്ടും മങ്ങുകയാണ്. ഡാമിനെ എതിർക്കുന്നവർക്ക് ജൈവവൈവിധ്യം നശിക്കും എന്ന് പറയുന്നതിനേക്കാൾ ശക്തമായി ഉപയോഗിക്കാവുന്ന രാഷ്ട്രീയ ആയുധമാണ് വനാവകാശം ലംഘിക്കപ്പെടുന്നു എന്നത്. സാമൂഹിക വനാവകാശം കണ്ടെത്താൻ ആദിവാസി ഗോത്രങ്ങൾ സ്വയം ശ്രമിക്കുന്നില്ല എന്നതാണ് പ്രശ്നം. വനം വകുപ്പ് പല സ്ഥലങ്ങളിലും ഇക്കാര്യത്തിൽ ഗുണപരമായി ഇടപെടുന്നുണ്ട്. വനം സംരക്ഷണ സമിതികളും പങ്കാളിത്ത വനപരിപാലനവുമെല്ലാം നല്ല രീതിയിൽ നടക്കുന്നതിനാൽ വനംവകുപ്പും ആദിവാസികളും തമ്മിൽ ഒരു സ്നേഹബന്ധം വളർന്നു വന്നിട്ടുണ്ട്. റവന്യൂ വകുപ്പിന് താത്പര്യമില്ലാത്തതുകൊണ്ട് കാര്യങ്ങൾ ഇഴയുകയാണ്.

നിലവിലുള്ള വനസംരക്ഷണ നിയമങ്ങൾ തുടരുമെങ്കിലും ഗുണപരമായ ചില വെള്ളം ചേർക്കലുകൾ അതിൽ നടത്താൻ വനാവകാശ നിയമം അനുവാദം തരുന്നുണ്ട്. പീച്ചി ഡിവിഷനിലെ ഒളകരയിലെ അനുഭവം പറയാം. ടൗൺഷിപ്പുമായി അതിർത്തി പങ്കിടുന്ന ഒരു വനപ്രദേശമാണത്. വനത്തിനുള്ളിലൂടെ പോസ്റ്റ് വലിക്കാൻ അനുവാദമില്ലാത്തതിനാൽ ഒളകരയിലുള്ളവർക്ക് കറന്റ് കിട്ടിയിട്ടില്ല. എന്നാൽ തൊട്ടടുത്ത ടൗൺഷിപ്പിൽ നിറയെ വെളിച്ചമാണ്. കൺമുന്നിൽ കാണുന്ന ഈ വെളിച്ചം തങ്ങൾക്കും കിട്ടണമെന്ന് ഒളകരയിലെ ആദിവാസികൾക്കുണ്ട്. പക്ഷെ വന സംരക്ഷണ നിയമം അതനുവദിക്കുന്നില്ല. എന്നാൽ ഒരു ഹെക്ടർ വരെ ഭൂമി വൈദ്യുതിക്കും ആശുപത്രിക്കും റോഡിനും മറ്റുമായി അനുവദിക്കാമെന്ന് വനാവകാശ നിയമത്തിൽ പറയുന്നുണ്ട്. അതുപ്രകാരം ഒളകരക്കാർക്ക് വൈദ്യുതിയെത്തിക്കാനുള്ള സാഹചര്യമുണ്ടാകും.

കൂടാതെ നാട്ടറിവുകളും ഗോത്രഅറിവുകളും സംരക്ഷിക്കാനുള്ള അവകാശവും വനാവകാശ നിയമം ആദിവാസികൾക്ക് നൽകുന്നുണ്ട്. ഇത്തരത്തിൽ വനം സംരക്ഷിച്ചുകൊണ്ട് തന്നെ ആദിവാസികളെയും സംരക്ഷിക്കാനുള്ള നിരവധി സാധ്യതകൾ വനാവകാശം നിയമം നൽകുന്നുണ്ട്. മുൻപ് സൂചിപ്പിച്ച് നാല് വകുപ്പുകളും ചേർന്ന് സമചിത്തതയോടെ ഈ നിയമം നടപ്പിലാക്കിയാൽ ആദിവാസികളുടെ ജീവിതം വളരെയധികം മെച്ചപ്പെടുത്താൻ കഴിയും.